ധനകാര്യം

## വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ടിനുള്ള ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

"ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2015-2016 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു"

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തിന് ഭേദഗതികൾ ആരും അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ചർച്ചയുടെ ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ടിനുള്ള ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ഉപക്ഷേപം പാസ്സായിരിക്കുന്നു.

വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

<u>അനുബന്ധം</u>

## <u>ചർച്ചക്കുള്ള ധനകാര്യമന്ത്രിയുടെ മറുപടി</u>

രാജ്യത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് രൂപകൽപ്പന ചെയ്ത സപ്തമുഖ വികസന പദ്ധതികൾ ഞാൻ പ്രഖ്യാപിച്ചിരുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുന്നതോടൊപ്പം സമൂഹത്തിലെ ദുർബലരും അശരണരുമായ ജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള കരുതലോടെയുള്ള നടപടികളാണ് ഞാൻ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ കർമ്മപദ്ധതികൾ വെറും പ്രസംഗത്തിൽ

ഒതുങ്ങിപ്പോകരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതുകൊണ്ടുതന്നെ ഈ സ്വപ്നപദ്ധതികൾ നടപ്പിലാക്കുന്നതിന് ഉന്നതാധികാര സമിതികൾ ഇതിനകം രൂപീകരിച്ച വിവരം സഭയെ സസന്തോഷം അറിയിക്കുന്നു.

വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിഭവ സമാഹരണത്തിന്റെ ഭാഗമായി ചില നികുതി നിർദ്ദേശങ്ങൾ ഞാൻ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇവയിൽ ചില നിർദ്ദേശങ്ങൾ ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകുമെന്ന് ചില കോണുകളിൽനിന്നും വിമർശനം ഉയരുകയുണ്ടായി. ഈ അഭിപ്രായം പരിഗണിച്ച് അരി, ഗോതമ്പ്, വെളിച്ചെണ്ണ എന്നിവയ്ക്ക് നിർദ്ദേശിച്ചിരുന്ന ഒരു ശതമാനം നികുതിയും മൈദ, ആട്ട, സൂചി, റവ എന്നിവയ്ക്ക് നിർദ്ദേശിച്ചിരുന്ന 5% നികുതിയും പഞ്ചസാരക്ക് നിർദ്ദേശിച്ച 2% നികുതിയും ഞാൻ പിൻവലിക്കുന്നു. ഇതിലൂടെ 260 കോടി രൂപയുടെ നികുതിയിളവുകൾ പ്രാബല്യത്തിൽ വരികയാണ്.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയും വികസനവും സാദ്ധ്യമാക്കുന്നതിനായി 'മേക്ക് ഇൻ കേരള' പദ്ധതി നടപ്പിലാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇലക്ട്രോണിക് സിസ്റ്റങ്ങളും മെഷിനറിയും ലൈറ്റ് എഞ്ചിനീയറിംഗ്, റബർ ഉൽപ്പന്നങ്ങൾ, ഭക്ഷ്യസംസ്കരണം, സുഗന്ധവ്യഞ്ജനങ്ങൾ, കൈത്തറി, ടെക്സ്റ്റൈൽ, ആയുർവ്വേദം, കേരള ബ്രാന്റുകളുടെ

പ്രോത്സാഹനം, സാങ്കേതികവിദ്യയുടെ നവീകരണം, പ്രചാരണ പരിപാടികളുടെയും സംരംഭക സംഗമങ്ങളുടെയും സംഘാടനം, വനിതാ സംരംഭകത്വ പ്രോത്സാഹനം എന്നീ മേഖലകൾക്കാണ് ഇതിലൂടെ കൂടുതൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 15 കോടി രൂപ വകയിരുത്തുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സർക്കാർ രൂപീകരിച്ചുകഴിഞ്ഞു. ഇതിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനായി ഒരു കോടി രൂപ ഞാൻ വകയിരുത്തുന്നു.

ഗൾഫ് രാജ്യങ്ങളിലെ തദ്ദേശീയവൽക്കരണംപോലെയുള്ള നിയമങ്ങൾമൂലം നിരവധി മലയാളികൾ നാട്ടിലേക്ക് മടങ്ങാനിടയായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രവാസി പുനരുദ്ധാരണ പദ്ധതിക്ക് 25 കോടി രൂപ വകയിരുത്തുന്നു. ആവശ്യമെങ്കിൽ ഇതിലേക്കായി കൂടുതൽ സംഖ്യ അനുവദിക്കുന്നതാണ്.

മലബാർ കുടിയേറ്റം ചരിത്രഗതികളെ മാറ്റിമറിച്ച ഒരു സംഭവമാണ്. കുടിയേറ്റത്തിന്റെ വിശദമായ ചരിത്രം പ്രതിപാദിക്കുന്ന 'ബിഷപ്പ് വള്ളോപ്പള്ളി സ്മാരക മലബാർ കുടിയേറ്റ മ്യൂസിയം' കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠാപുരത്ത് സ്ഥാപിക്കാനായി ഒരു കോടി രൂപ വകയിരുത്തുന്നു.

പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ ഹിൽപാലസ് കോമ്പൗണ്ടിൽ ഓപ്പൺ എയർ തീയേറ്റർ, ലേസർ ലൈറ്റ് & സൗണ്ട്ഷോ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഫോക്‌ലോർ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനും കണ്ണൂർ കാക്കണ്ണംപാറയിൽ സ്ഥാപിക്കുന്ന കലാഗ്രാമത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കും ഒരു കോടി രൂപ വീതം നീക്കിവയ്ക്കുന്നു.

തലശ്ശേരിയിൽ കെ. രാഘവൻ മാസ്റ്റർ സ്മാരകത്തിനും കോഴിക്കോട് മലബാർ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനും 50 ലക്ഷം രൂപ വീതം മാറ്റിവയ്ക്കുന്നു.

ചെങ്ങന്നൂരിൽ പ്രശസ്ത കഥകളി ആചാര്യൻ ഗുരു ചെങ്ങന്നൂരിന് സ്മാരകം പണിയുന്നതിന് 25 ലക്ഷം രൂപയും മലയിൻകീഴ് മാധവകവി സംസ്കൃത കേന്ദ്രത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപയും നീക്കിവയ്ക്കുന്നു.

സരസകവി മൂലൂർ സ്മാരകത്തിനും പല്ലന കുമാരനാശാൻ സ്മാരകത്തിനും വാർഷിക ഗ്രാന്റ് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്. കൊങ്ങിണി സാഹിത്യ അക്കാദമിക്ക് 5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് നൽകുന്നതാണ്.

മഞ്ചേശ്വരത്തെ രാഷ്ട്രകവി ഗോവിന്ദപൈയുടെ മെമ്മോറിയൽ

സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ നീക്കിവയ്ക്കുന്നു.

സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം കോട്ടയത്ത് ദേശീയ സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നതിന് 25 ലക്ഷം രൂപയും ഇടപ്പള്ളിയിൽ കേരളത്തിന്റെ ഭാവഗായകനായ ചങ്ങമ്പുഴ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത് ചങ്ങമ്പുഴ സ്മൃതിമണ്ഡപം നിർമ്മിക്കാനായി 10 ലക്ഷം രൂപയും വകയിരുത്തുന്നു.

കോട്ടയം പ്രസ് ക്ലബിന് മീഡിയാ കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കുന്നതിന് 20 ലക്ഷം രൂപ അനുവദിക്കുന്നു.

മുൻമന്ത്രി ശ്രീ. റ്റി. എം. ജേക്കബ് മെമ്മോറിയൽ ട്രസ്റ്റിന് 10 ലക്ഷം രൂപ അനുവദിക്കുന്നു.

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയത്തിന്റെ സംസ്ഥാന വിഹിതം കഴിഞ്ഞ ഏപ്രിൽ മുതൽ 2000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഇത് 2600 രൂപയായി 2015 ഏപ്രിൽ മുതൽ വർദ്ധിപ്പിക്കുന്നതാണ് (5 കോടി).

രക്തത്തിന്റെയും അതിന്റെ ഘടകങ്ങളുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സിറ്റിസൺ ഇന്ത്യ ഫൗണ്ടേഷൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നിവയുമായി ചേർന്ന് ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ഒരു ആധുനിക ബ്ലഡ് ബാങ്ക് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. ഇതിന്റെ

പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നു.

വിശ്വപ്രസിദ്ധമായ ശിവഗിരി തീർത്ഥാടനത്തിന് ശ്രീനാരായണഗുരുദേവൻ അനുമതി നൽകിയ കോട്ടയം നാഗമ്പടം ക്ഷേത്രാങ്കണത്തിൽ പ്രസ്തുത ചരിത്ര സംഭവത്തിന്റെ സ്മാരകമായി ഒരു പവലിയൻ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

തെക്കൻ കേരളത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ വെള്ളറട തെക്കൻ കുരിശുമലയിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് വിശ്രമകേന്ദ്രം പണിയുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നു.

അരിക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

മല്ലപ്പള്ളി - കല്ലൂപ്പാറ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിന് പാറക്കടവിൽ മണിമല നദിക്ക് കുറുകെ കാർട്ടബിൾ ബ്രിഡ്ജ് നിർമ്മിക്കുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

കണ്ടംകര - നെടുമുടി - കണ്ണാടി റോഡിന്റെ പ്രാരംഭപ്രവർത്തനത്തിനായി 1 കോടി രൂപ വകയിരുത്തുന്നു.

പാനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതാണ് (50

ലക്ഷം).

2000-ന് മുൻപ് റിട്ടയർചെയ്ത മുതിർന്ന സീനിയർ ജേർണലിസ്റ്റുമാരേയും ക്ഷേമ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് (2 കോടി രൂപ).

ബഹുഭാഷാ പണ്ഡിതൻ, കവി, ചിത്രകാരൻ, സംഗീത വിദ്വാൻ, സാമൂഹ്യ പരിഷ്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായിരുന്ന മോശവൽസലം ശാസ്ത്രിയാർ ശതാബ്ദി സ്മാരക ആഘോഷങ്ങളോട് അനുബന്ധിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായമായി രണ്ട് ലക്ഷം രൂപ വകയിരുത്തുന്നു.

മൂവാറ്റുപുഴയിൽ ഒരു അഗ്രിമാൾ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

തോട്ടം തൊഴിലാളികളുടെയും ജീവനക്കാരുടെയും കുട്ടികളുടെ പഠനത്തിന് ഇടുക്കി ജില്ലയിൽ ഒരു 'ഭവനം പബ്ലിക് സ്കൂൾ' ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ വകയിരുത്തുന്നു. ഇതിൽ പറഞ്ഞിട്ടുള്ള അധിക ചെലവ് ആദ്യ എസ്.ഡി.ജി.-യിൽ കൊണ്ടുവരുന്നതാണ്.

പ്രസംഗത്തിലെ 292 ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള സെസ്സിന്റെ 20 % മരാമത്ത് വകുപ്പിന് നൽകുന്നതാണ്.